ഉത്തരം

(എ) ഉണ്ട്.

(ബി, സി) ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം ആവശ്യപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകർക്കും നിയമനം നൽകിയിട്ടുണ്ട്. ക്ലറിക്കൽ കേഡർ തസ്തികയിൽ നിയമനത്തിനായി 46 പേരടങ്ങുന്ന ആദ്യ ലിസ്റ്റും 45 പേരടങ്ങുന്ന രണ്ടാമത്തെ ലിസ്റ്റും നിലവിലുള്ളതിനാൽ ക്ലറിക്കൽ തസ്തികയിൽ സീനിയോറിറ്റി ക്രമത്തിൽ നിയമനം നൽകിയതോടൊപ്പം, ഈ തസ്തികയിൽ നിയമനത്തിന് കാലതാമസം വരുമെന്നുള്ളതുകൊണ്ട് ടി 2 ലിസ്റ്റുകളിൽനിന്നും ക്ഷേത്ര ജീവനക്കാരായും പ്യൂണായും അപേക്ഷകരുടെ സമ്മതത്തോടെ നിയമനം നൽകിയശേഷം ആദ്യ ലിസ്റ്റിൽ 5 പേരും രണ്ടാമത്തെ ലിസ്റ്റിൽ 28 പേരും അവശേഷിക്കുന്നു. കൂടാതെ പ്യൂൺ തസ്തികയിൽ നിയമനത്തിനായുള്ള ആദ്യലിസ്റ്റുകളിൽ ഉണ്ടായിരുന്നവർക്ക് നിയമനം നൽകിയിട്ടുള്ളതും ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള 24 പേരുടെ ലിസ്റ്റിൽ 3 പേർക്ക് നിയമനം നൽകിയിട്ടുള്ളതുമാണ് എന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മാനേജ്മെന്റിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്നവരെ ടി ആശ്രിത നിയമന വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എൽ. ഡി. ക്ലർക്ക് തസ്തികയിൽ നിയമനത്തിനായി അപേക്ഷിച്ചവരിൽ 15-7-1987 വരെയുള്ളവർക്കും പ്യൂൺ തസ്തികയിൽ 15-6-1993 വരെയുള്ളവർക്കും ക്ഷേത്ര ജീവനക്കാരായി നിയമനത്തിനുള്ള അപേക്ഷകളിൽ 7-2-2002 വരെയുള്ളവർക്കും നിയമനം നൽകിയിട്ടുള്ളതായി ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

"കൃഷി ആദായകരമാക്കുന്നതിന് പദ്ധതി"

45 [4786] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ആദായകരമാക്കുന്നതിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് കയറ്റുമതി സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് കയറ്റുമതി മേഖലകൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം തുടങ്ങിയോ എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി നടത്താൻ വിപണി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് തദ്വാരാ കൃഷി കൂടുതൽ ആദായകരമാക്കുന്നതിനായി സംസ്ഥാന പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. നെൽകൃഷി വികസനം
2. നാളികേര വികസനം
3. കശുമാവ് കൃഷി വികസനം
4. പച്ചക്കറി വികസന പരിപാടി
5. കുരുമുളക് വികസന പരിപാടി
6. മഞ്ഞൾ, ഇഞ്ചി, ഗ്രാമ്പൂ, ജാതി, വാനില തുടങ്ങിയ സുഗന്ധ ദ്രവ്യ-വ്യഞ്ജന വിള വികസനം
7. ഫലവർഗ്ഗ വികസന പരിപാടി
8. പുഷ്പകൃഷി വികസന പരിപാടി
9. ചെറുകിട യന്ത്രവൽക്കരണ പരിപാടി
10. ദേശീയ നീർമറി വികസന പരിപാടി
11. വിള ഇൻഷ്വറൻസ്
12. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള പരിപാടി
13. സംയോജിത വള പ്രയോഗ സംവിധാനം
14. സംയോജിത കീടരോഗ നിയന്ത്രണ പരിപാടി
15. നെല്ല് സംഭരണം
16. നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്
17. വൈദ്യുതി സൗജന്യം
18. മണ്ണ് പരിശോധനാ സേവനം
19. കാർഷിക കയറ്റുമതി മേഖലവഴി കയറ്റുമതി പ്രോൽസാഹിപ്പിക്കൽ
20. കാർഷിക വിജ്ഞാന വ്യാപനവും കർഷകർക്കുള്ള പരിശീലനവും.

കൂടാതെ, ഓരോ കൃഷി സ്ഥലത്തിനും അനുയോജ്യമായ വിളയും കൃഷി രീതിയും വളപ്രയോഗങ്ങളും സംബന്ധിച്ച് കർഷകന് വിവരം നൽകുന്നതിനുദ്ദേശിച്ച് പഞ്ചായത്ത്തല സോയിൽ മാപ്പിംഗും നടപ്പാക്കി വരുന്നുണ്ട്. കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ജൈവ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് ഡോ. വി. എൻ. ചോപ്ര കമ്മിറ്റി രൂപം കൊടുത്തിട്ടുണ്ട്. അവ പരിശോധനയിലാണ്.

(ബി) കേന്ദ്ര സർക്കാരുമായി ചേർന്ന് കേരളത്തിലെ ഒൻപത് ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് വാഴ, കൈതച്ചക്ക, പച്ചക്കറികൾ എന്നിവയ്ക്കായി കയറ്റുമതി മേഖല ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

(സി) സംസ്ഥാനത്തുനിന്നും നിലവിൽത്തന്നെ ഗൾഫ്, യു.എസ്.എ., യു.കെ. എന്നീ രാജ്യങ്ങളിലേക്ക് പഴം, പച്ചക്കറികൾ എന്നിവ കയറ്റി അയയ്ക്കുന്നുണ്ട്. കാർഷിക കയറ്റുമതി മേഖല മുഖേന വാഴ, കൈതച്ചക്ക, പച്ചക്കറികൾ തുടങ്ങിയവ മേൽ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly